"ഭരണഭാഷ - മാതൃഭാഷ"

KSEB

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

(1956-ലെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള

CIN :U40100KL2011SGC027424

വെബ് സൈറ്റ് : www.kseb.in

എല്ലാവീട്ടിലും വൈദ്യുതി

**നാഷണൽ പെൻഷൻ സിസ്റ്റം സെൽ**

**സ്റ്റേറ്റ് നോഡൽ ഓഫീസർ(എൻ.പി.എസ്)-ടെ കാര്യാലയം**

വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം

ടെലഫോൺ നമ്പർ: +91 471 2514442, 2514368 ഫാക്സ് : 0471 2441361

ഇ-മെയിൽ: snonps@kseb.in snonpskseb@gmail.com

**നമ്പർ: എൻ.പി.എസ് 3/Gl/2017-18** തീയതി : 31.03.2018

പ്രേഷിതൻ

സ്റ്റേറ്റ് നോഡൽ ഓഫീസർ (എൻ.പി.എസ്) &

അക്കൗണ്ട്സ് ഓഫീസർ (പെൻഷൻ സാങ്ഷൻ)

സ്വീകർത്താവ്

എല്ലാ ഓഫീസ് മേധാവികൾക്കും

കെ.എസ്.ഇ.ബി ലിമിറ്റഡ്

സർ,

വിഷയം:- നാഷണൽ പെൻഷൻ സിസ്റ്റം - സബ്സ്ക്രൈബർ രജിസ്ട്രേഷൻ ഫോറം സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. Circular No. NPS/Gl/2015 Dated 28.07.2015

2. Circular No. NPS/Gl/2016 Dated 28.12.2015

3. BO (DB) No.1351/2015(NPS/GO/Adoption/2014-15) dated 03.06.2015

4. B.O (FTD) No.681/2018(NPS3/08/GOAdoption/2017-18) dated 13.03.2018

01.04.2013 ന ശേഷം ബോർഡ് സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ദേശീയ പെൻഷൻ പദ്ധതി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ജീവനക്കാർ സർവ്വീസിൽ പ്രവേശിച്ച് **നിശ്ചിത സമയത്തിനുള്ളിൽ** സബ്സ്ക്രൈബർ രജിസ്ട്രേഷന് വേണ്ടി PRAN അപേക്ഷ സമർപ്പിക്കുന്നതിലേയ്ക്കായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 2 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ സബ്സ്ക്രൈബർ രജിസ്ട്രേഷന് വേണ്ടി അയയ്ക്കുന്ന പല അപേക്ഷകളും(CSRF) മേൽ നിർദേശങ്ങൾക്ക് അനുസൃതമായിട്ടല്ല എന്ന് കണ്ടുവരുന്നു. ആയതിനാൽ സബ്സ്ക്രൈബർ രജിസ്ട്രേഷൻ ഫോറങ്ങൾ മേൽപ്പറഞ്ഞ സർക്കുലർ പ്രകാരം, വിശദമായി പരിശോധിച്ച ശേഷം അയക്കുന്നതിന് താല്പര്യപ്പെടുന്നു.

PRAN അപേക്ഷ സമർപ്പിക്കുന്നതിന് മുന്നോടിയായി അപേക്ഷകർ **HRIS-ൽ Personal login** നിലൂടെ താഴെ പറയുന്ന വിശദാംശങ്ങൾ നൽകേണ്ടതാണ്

- **Personal Details** -ൽ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തണം
- **Family/Dependants** മെനുവിൽ കുടുംബാംഗങ്ങളുടെ വിശദാംശങ്ങൾക്ക് ഒപ്പം മാതാപിതാക്കളുടെ പേരും ഉൾപ്പെടുത്തണം. അപേക്ഷകർക്ക് കുടുംബാംഗങ്ങളിൽ നിന്ന് പരാമാവധി മൂന്ന് പേരെ നോമിനിയായി തെരഞ്ഞെടുക്കാവുന്നതാണ്.
- **My Mobile** മെനുവിൽ അപേക്ഷകന്റെ mobile number രജിസ്ററർ ചെയ്യണം

- തുടർന്ന് **HRIS-ൽ APPLY PRAN** മെനുവിലൂടെ PRAN അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ വിശദാംശങ്ങളും നൽകിയതിന് ശേഷം അപേക്ഷയുടെ പ്രിന്റ് എടുക്കാവുന്നതാണ്.

PRAN അപേക്ഷ (ഒരു പകർപ്പ്) അയക്കുന്നതിന് മുൻപ് ARU മേധാവികൾ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ഉറപ്പ് വരുത്തേണ്ടതാണ്.

- അപേക്ഷ **HRIS-ൽ** Level 3 പാസ്സാക്കിയിരിക്കണം
- അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടുള്ള Identification Certificate ARU മേധാവി സാക്ഷ്യപ്പെടുത്തിയിരിക്കണം.
- അപേക്ഷയിലെ ഒപ്പം ഫോട്ടോയും വ്യക്തമായിരിക്കണം.
- അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന അനുബന്ധരേഖകൾ, അപേക്ഷകർ സ്വയം സാക്ഷ്യപ്പെടുത്തുകയും പൂരിപ്പിച്ച വിവരങ്ങൾക്ക് അനുസൃതവുമായിരിക്കണം.
- അപേക്ഷയോടൊപ്പം ഒന്നിലധികം പേരെ നോമിനിയായി രേഖപ്പെടുത്തിയിട്ടുള്ള നോമിനേഷൻ ഫോറവും(Annexure III to CSRF), പ്രാൻ കാർഡിൽ മാതാവിന്റെ പേര് നിർദ്ദേശിച്ച് കൊണ്ടുള്ള ഫോറവും(Annexure II to CSRF) ഉണ്ടെങ്കിൽ, പ്രസ്തുത ഫോറങ്ങളിൽ അപേക്ഷകന്റെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

PRAN എൻറോൾമെന്റിന് ശേഷം സബ്സ്ക്രൈബർക്ക് തന്റെ വിശദാംശങ്ങളിൽ (master details) തിരുത്തലുകളോ/മാറ്റങ്ങളോ ഉണ്ടെങ്കിൽ Annexure S2 ഫോറം സമർപ്പിച്ച് ചെയ്യാവുന്നതാണ്. സബ്സ്ക്രൈബറുടെ അനന്തരാവകാശികൾക്ക് മാറ്റം വരുന്ന സാഹചര്യത്തിൽ നിർബന്ധമായും Annexure S2 ഫോറം സമർപ്പിച്ച് നോമിനേഷൻ മാറ്റേണ്ടതാണ്.

01.04.2013 ന് ശേഷം ബോർഡ് സർവ്വീസിൽ പ്രവേശിച്ച്, കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതിയിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ള ജീവനക്കാർ പരാമർശം 3,4 ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി നിശ്ചിത സമയപരിധിയായ മൂന്ന് മാസത്തിനുള്ളിൽ തന്നെ നിർബന്ധമായും ഓപ്ഷൻ ഫോം മുൻ സർവ്വീസിലെ സേവനപുസ്തകത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.

മറ്റ് സർവ്വീസിൽ നിന്നും ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാർ തുടർന്ന് ബോർഡ് സർവ്വീസിൽ പ്രവേശിക്കുമ്പോൾത്തന്നെ, Inter Sector Shifting ഫോറം സമർപ്പിച്ച് NPS അംഗത്വം ബോർഡിലേയ്ക്ക് മാറ്റേണ്ടതാണ്.

NPS സംബന്ധമായ എല്ലാ ഫോറവും **www.kseb.in** ൽ ലഭ്യമാണ്.
അന്വേഷണങ്ങൾക്ക് :

സ്റ്റേറ്റ് നോഡൽ ഓഫീസർ (എൻ.പി.എസ്) - **0471 2514368**
സീനിയർ സൂപ്രണ്ട്, എൻ.പി.എസ് സെൽ - **0471 2514442**

വിശ്വസ്തതയോടെ,

സ്റ്റേറ്റ് നോഡൽ ഓഫീസർ (എൻ.പി.എസ്) &
അക്കൗണ്ട്സ് ഓഫീസർ (പെൻഷൻ സാങ്ഷൻ)